## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 827** **06-10-2021 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി -പട്ടികവർഗ്ഗ മേഖലയിലെ ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ജാതി -പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ ക്ഷേമപദ്ധതികളുടെ ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടാതെ ക്രമക്കേടുകൾ നടക്കുന്നത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെല്ലാം രജിസ്റ്ററിൽ കൃത്യമായി പരിപാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പുതല ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികളും ആയതിനോടൊപ്പം സാമ്പത്തിക തട്ടിപ്പുകൾ ഒഴിവാക്കുന്നതിനായി വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം വിവിധ ക്ഷേമ പദ്ധതികളിൽ ലഭ്യമാകുന്ന തുക അതാത് വർഷം ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനും ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ക്ഷേമപദ്ധതികളുടെ ഫണ്ട് ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ ഫണ്ട് വിനിയോഗം പരിശോധിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെല്ലാം രജിസ്റ്ററിൽ കൃത്യമായി പരിപാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പുതല ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികളും ആയതിനോടൊപ്പം സാമ്പത്തിക തട്ടിപ്പുകൾ ഒഴിവാക്കുന്നതിനായി വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം വിവിധ ക്ഷേമ പദ്ധതികളിൽ ലഭ്യമാകുന്ന തുക അതാത് വർഷം ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനും ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുന്നതിനും പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ക്ഷേമപദ്ധതികളുടെ ഫണ്ട് ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് പി.ഒ/ടി.ഡി.ഒ/ടി.ഇ.ഒമാർ ഉറപ്പ് വരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

2. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻസ്പെയ്സ് എന്ന ഐ.റ്റി.അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

3. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ഓഫീസർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമകേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.

4. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ ബഹു. വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ചു യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**